നമ്പർ.ഡി7/91717/2017/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി. 03/01/2018.

## വിജ്ഞാപനം

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 14 ഡയറ്റുകളോട് ചേർന്ന് പ്രവർത്തനമാരംഭിക്കുന്ന ഡിസ്ട്രിക്ട് സെന്റർ ഫോർ ഇംഗ്ലീഷുകളിലെ ചീഫ് ട്യൂട്ടർ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് യോഗ്യതയുള്ള സംസ്ഥാനത്തെ ഗവൺമെന്റ് എയിഡഡ് ട്രെയിനിംഗ് കോളേജുകളിൽ നിന്നും വിരമിച്ചവരും 65 വയസ്സു കഴിയാത്തവരുമായ ഇംഗ്ലീഷ് അദ്ധ്യാപകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. 25000/- രൂപ പ്രതിമാസ വേതനത്തിന് പുറമേ സ്കൂൾ സന്ദർശനത്തിനുള്ള അലവൻസായി ~~അലവൻസായി~~ 2000/- രൂപയും ലഭിക്കുന്നതാണ്. നിയമനം ഓരോ സാമ്പത്തിക വർഷത്തേക്ക് ആയിരിക്കും. താല്പര്യമുള്ളവർ 17.01.2018 ന് രാവിലെ 10.00 മണിക്ക് കൂടികാഴ്ചയ്ക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ചേംബറിൽ നേരിട്ട് ഹാജരാകേണ്ടതാണ്. പ്രവർത്തിച്ചിരുന്ന സ്ഥാപനത്തിന്റെ പേര്, വിദ്യാഭ്യാസ യോഗ്യത, വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സംസ്ഥാനത്തെ ട്രെയിനിംഗ് കോളേജിൽ നിന്നും ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയിൽ നിന്നും വിരമിച്ചതെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഹാജരാകേണ്ടതാണ്. അഭിമുഖത്തിന് ഹാജരാകുന്ന ഉദ്യോഗാർത്ഥികൾക്ക് യാത്രാ ബത്തയോ, മറ്റു ആനുകൂല്യങ്ങളോ അനുവദിക്കുന്നതല്ല.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി